ഉത്തരം

(എ) സഹകരണസംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്. അന്വേഷണം നേരിടുന്ന സഹകരണ സംഘങ്ങളിലെ 74 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 28 പേരിൽ നിന്നും തുക വസൂലാക്കിയിട്ടുണ്ട്.

സഹകരണമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് നടപടി

125 (3526)ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സഹകരണ അക്കാഡമിയുടെ കീഴിൽ കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള അപേക്ഷ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പരിഗണനയിലാണ്.

(ബി) പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു.

സഹകരണമേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ

126 (3527)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ഏതെല്ലാം പ്രൊഫഷണൽ കോളേജുകളാണെന്നു വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഏതെല്ലാം പ്രൊഫഷണൽ കോളേജുകൾ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു; ഇവ ഏതെങ്കിലും സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

---

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെ പറയുന്ന ജില്ലകളിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ സഹകരണ അക്കാഡമി ഉദ്ദേശിക്കുന്നുണ്ട്.

1. കണ്ണൂർ
2. തിരുവനന്തപുരം
3. കൊല്ലം
4. ആലപ്പുഴ
5. മലപ്പുറം
6. പത്തനംതിട്ട
7. എറണാകുളം
8. കോട്ടയം
9. കാസർഗോഡ്

2. എറണാകുളം ജില്ലയിൽ ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

3. എറണാകുളം ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) സഹകരണ മേഖലയിലുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ഇപ്പോൾ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നു. ഇത് സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കണ്ണൂർ സഹകരണ ബാങ്ക്

127 (3528)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സഹകരണ ബാങ്കിൽ മുൻ യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയ നിയമനവുമായി ബന്ധപ്പെട്ട് അഴിമതി കേസ്സ് ചാർജ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതികൾ ആരൊക്കെയാണെന്നും കേസ്സിന്റെ വിശദാംശവും വ്യക്തമാക്കുമോ;

(സി) ഈ കേസ്സിലെ പ്രതികളിൽ മുൻ ഭരണസമിതി അംഗങ്ങൾ ഉണ്ടായിരുന്നു എങ്കിൽ അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസിലെ പ്രതികളായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്നും അവരുടെ പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ സഹകരണ ബാങ്കിൽ 1994-ൽ 92 ക്ലാർക്ക് തസ്തികയിലേക്കും 30 പ്യൂൺ തസ്തികയിലേക്കും നടത്തിയ നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ടതിനെ തുടർന്ന് വി.സി. 1/2000/കണ്ണൂർ ആയി കണ്ണൂർ വിജിലൻസ് ബ്യൂറോ യൂണിറ്റിൽ ഒരു വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly